പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5705 02.07.2019 ൽ മറുപടിയ്ക്ക്

## കാട്ടാനകളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | 2016-17, 2017-18, 2018-19 എന്നീ മൂന്നുവർഷക്കാലയളവിൽ കേരളത്തിലെ വനങ്ങളിൽ യഥാക്രമം ഓരോ വർഷവും എത്ര കാട്ടാനകൾ വീതം ചരിഞ്ഞിട്ടുള്ളതായാണ് ഔദ്യോഗികമായി കണക്കാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | **(എ)** 2016-17,2017-18, 2018-19 വർഷങ്ങളിൽ കാട്ടാനകൾ ചരിഞ്ഞിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു.<br>വർഷം — എണ്ണം<br>2016-17 — 127<br>2017-18 — 115<br>2018-19 — 107 |
| (ബി) | ഈ കാലയളവിൽ കേരളത്തിലെ വനങ്ങളിൽ വെള്ളം കിട്ടാത്ത കാരണത്താൽ ഏതെങ്കിലും കാട്ടാന ചരിഞ്ഞതായി വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എവിടെയെന്നും വ്യക്തമാക്കുമോ; | **(ബി)** ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. 2018-19 കാലയളവിൽ പുനലൂർ ഡിവിഷനിലെ പത്തനാപുരം റെയിഞ്ചിന്റെ പരിധിയിൽ വരുന്ന ഉപ്പുകുഴി, പാറാവള്ളിച്ചാൽ എന്ന സ്ഥലത്ത് 28.03.2019-ന് ഒരു കാട്ടാന നിർജ്ജലീകരണംമൂലം ചരിഞ്ഞിട്ടുണ്ട്. |
| (സി) | വനത്തിനുള്ളിൽ ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ മേൽപ്പറഞ്ഞ ഓരോ വർഷങ്ങളിലും വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നും അതിന്റെ ഗുണഫലങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ; | **(സി)** വനത്തിനുള്ളിൽ വന്യമൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ വേനൽക്കാലത്ത് മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കാനും, മൃഗങ്ങൾ ജലത്തിനുവേണ്ടി നാട്ടിലേയ്ക്കിറങ്ങുന്നത് ഒരു പരിധി വരെ ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | കാടിനുള്ളിൽ കൂടുതൽ തടയണകൾ നിർമ്മിച്ചും സിമന്റ് ടാങ്കുകൾ നിർമ്മിച്ച് ലോറിയിൽ വെള്ളം എത്തിച്ചും വന്യജീവികൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ യഥാക്രമം ഏത് വർഷം, എവിടെയൊക്കെ എന്നും വിശദമാക്കുമോ? | (ഡി) സിമന്റ് ടാങ്കുകൾ നിർമ്മിച്ച് ലോറിയിൽ വെള്ളം എത്തിച്ച് വന്യജീവികൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ തടയണകൾ നിർമ്മിച്ച് വന്യജീവികൾക്ക് കുടിവെള്ളം എത്തിക്കുന്നുണ്ട്. കാടിനുള്ളിൽ നിർമ്മിച്ച തടയണകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| സർക്കിൾ | വർഷം | തടയണകളുടെ എണ്ണം |
|---|---|---|
| സതേൺ സർക്കിൾ | 2011-12 | 6 |
| | 2012-13 | 16 |
| | 2013-14 | 13 |
| | 2014-15 | 13 |
| | 2015-16 | 6 |
| | 2016-17 | 1 |
| | 2017-18 | 1 |
| | 2018-19 | 2 |
| | **ആകെ** | **58** |
| ഹൈറേഞ്ച് സർക്കിൾ | 2011-12 | 1 |
| | 2012-13 | 7 |
| | 2013-14 | 8 |
| | 2014-15 | 11 |
| | 2015-16 | 12 |
| | 2016-17 | 5 |
| | 2017-18 | 3 |
| | 2018-19 | 1 |
| | **ആകെ** | **48** |
| സെൻട്രൽ സർക്കിൾ | 2012-13 | 12 |
| | 2013-14 | 11 |
| | 2014-15 | 5 |
| | 2017-18 | 1 |
| | 2018-19 | 4 |
| | **ആകെ** | **33** |
| ഈസ്റ്റേൺ സർക്കിൾ | 2011-12 | 12 |
| | 2012-13 | 16 |
| | 2013-14 | 9 |
| | 2014-15 | 8 |
| | 2015-16 | 2 |
| | 2016-17 | 1 |
| | 2017-18 | 9 |
| | 2018-19 | 9 |
| | **ആകെ** | **66** |
| നോർത്തേൺ സർക്കിൾ | 2011-12 മുതൽ 2018-19 വരെ | 37 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ | 2011-12 മുതൽ 2018-19 വരെ | 9 |

| | | |
|---|---|---|
| ഫീൽഡ് ഡയറക്ടർ(പ്രോജക്ട് ടൈഗർ) വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം | 2011-12 മുതൽ 2018-19 വരെ | 31 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 2011-12 | 1 |
| | 2013-14 | 1 |
| | 2014-15 | 1 |
| | 2015-16 | 4 |
| | 2016-17 | 23 |
| | 2017-18 | 5 |
| | 2018-19 | 3 |
| | 2019-20 | 1 |
| | **ആകെ** | 39 |

സെക്ഷൻ ഓഫീസർ